# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 60 06.02.2013 -ലെ മറുപടി

**കെ. എസ്. ആർ. ടി. സി. വാഹനങ്ങളുടെ അപകടം കുറയ്ക്കാൻ നടപടി**

ചോദ്യം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
" കെ. എൻ. എ. ഖാദർ :
" പി. ഉബൈദുള്ള :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ മൂലമുള്ള അപകടങ്ങൾ കുറയ്ക്കാൻ എന്തെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾക്ക് പരമാവധി വേഗപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; പ്രസ്തുത വേഗപരിധി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (ബി) | ഉണ്ട്. മണിക്കൂറിൽ 60 കി.മീറ്റർ. എല്ലാ ബസ്സുകളിലും സ്പീഡ് ഗവേർണ്ണർ ഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ഡ്രൈവർമാരുടെ കായികക്ഷമത, മദ്യപാനശീലം എന്നിവ പരിശോധിക്കാനും, തുടർച്ചയായ ഡ്രൈവിംഗ് അനുവദിക്കാതിരിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (സി) | കെ.എസ്.ആർ.ടി.സി.ക്ക് തിരുവനന്തപുരത്ത് മെഡിക്കൽ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വൈദ്യ-കായിക ക്ഷമത പരിശോധനയ്ക്ക് ഇത് ഉതകുന്നുണ്ട്. മദ്യപാനം പരിശോധിക്കുന്നതിന് വിജിലൻസ് സ്ക്വാഡുകൾക്ക് ബ്രീത്ത് അനലൈസർ നൽകിയിട്ടുണ്ട്. തുടർച്ചയായ ഡ്രൈവിംഗ് ഒഴിവാക്കുന്നതിന് സ്ഥിരം ഡ്രൈവർമാരെ കൂടാതെ ആവശ്യത്തിന് എംപാനൽ ഡ്രൈവർമാരേയും നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഡ്രൈവർമാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുന്നതിന് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ